# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1619

05/12/2014-ൽ മറുപടിക്ക്

## മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽനിന്നും ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ) | |
| (എ) | മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും എന്നാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | മുളവുകാട് റോഡ് നിർമ്മാണത്തിന് 26.11.2012 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 3220/12/തസ്വഭവ ഉത്തരവ് പ്രകാരം 2.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,97,32,764/ രൂപ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മുളവുകാട് നിലവിലുള്ള 5.50 കി.മീ. ദൂരം വരുന്ന റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിന്, ജനപങ്കാളിത്തത്തോടെ ജിഡ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. മുളവുകാട് റോഡിന്റെ വടക്കെ അറ്റത്തുനിന്നും 2.50 കി.മീറ്റർ ദൂരം (ഫെയ്സ് I ) ആയി പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 കി.മീ ഭാഗത്ത് (ഫെയ്സ് II) 140 സ്ഥല ഉടമകൾ സ്ഥലം വിട്ടുനല്കിയിട്ടില്ല. സ്ഥലം പൂർണ്ണമായി വിട്ടുനല്കിയാൽ മാത്രമേ റോഡുപണി പൂർത്തീകരിക്കാൻ നിർവ്വാഹമുള്ളൂ. സ്ഥലമുടമകളിൽനിന്നും ആധാരം, മുന്നാധാരം, കരമടച്ച രസീതി (സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും), പൊസഷൻ സർട്ടിഫിക്കേറ്റ്, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ സ്വീകരിച്ച്, ഈ പദ്ധതിയുടെ കൺസൾട്ടന്റായ കിറ്റ്കോ റിപ്പോർട്ട് നല്കി. ജിഡ സെക്രട്ടറിയുടെ അംഗീകാരത്തോടെ, ബന്ധപ്പെട്ട രജിസ്റ്റാർ ആഫീസിൽ തീറാധാരം നടത്തി നഷ്ടപരിഹാരതുകക്കുള്ള ചെക്കു നല്കിയാണ് സ്ഥലം ഏറ്റെടുക്കുന്നത്. ശേഷിക്കുന്ന ഭൂവുടമകൾ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം വിട്ടു നല്കിയാൽ, എത്രയും പെട്ടെന്ന് രജിസ്ട്രേഷൻ നടത്തി |

പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ, കിറ്റ്കോ പലതവണ കത്തുകൾ അയക്കുകയും, കിറ്റ്കോയുടേയും, ജിഡയുടേയും ,പഞ്ചായത്തിലേയും, പ്രതിനിധികളും ചേർന്ന് ബന്ധപ്പെട്ട സ്ഥല ഉടമകളുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ രേഖകൾ ഉടൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ബന്ധപ്പെട്ട് രേഖകൾ സ്വീകരിക്കുന്നതിനായി, മുളവുകാട് ഐ.പി.യൂണിറ്റിൽ ഒരു അദാലത്തും നടത്തിയിട്ടുള്ളതാണ്. |
| (ഡി) | പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ബന്ധപ്പെട്ട ഭൂവുടമകൾ ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ മാത്രമേ, രജിസ്ട്രേഷൻ നടത്തുവാൻ സാധിക്കുകയുള്ളു. അതിനുശേഷമേ റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ